പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7011 — 13.07.2012 ൽ മറുപടിയ്ക്ക്

## യുവജനക്ഷേമ ബോർഡിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. ഷാഫി പറമ്പിൽ | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ ഏതെല്ലാം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; വിശദമാക്കുമോ; | (എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആസ്ഥാനം തിരുവനന്തപുരത്താണ്. യുവജനക്ഷേമ ബോർഡിന് കീഴിൽ 14 ജില്ലാ യുവജനകേന്ദ്രങ്ങൾ ഉണ്ട്. ദേവികുളത്ത് ദേശീയ സാഹസിക അക്കാഡമിയും, കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ദേശീയ സാഹസിക അക്കാഡമി ഉപകേന്ദ്രവും പ്രവർത്തിക്കുന്നു. മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണയിൽ യുവ അതിഥി മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. |
| (ബി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും യുവജനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ഉണ്ട്, വിശദാംശം അനുബന്ധമായി വച്ചിട്ടുണ്ട്. |
| (സി) ഇവയുടെ ഉദ്ദേശ്യങ്ങളും ചുമതലകളും എന്തെല്ലാമാണ്; വിശദമാക്കുമോ; | (സി) യുവജനക്ഷേമം ലക്ഷ്യമാക്കിക്കൊണ്ട് യുവജനക്ഷേമ ബോർഡ് നടപ്പിലാക്കുന്ന വിവിധങ്ങളായ പ്രവർത്തനങ്ങൾ കേരളത്തിലെ മുഴുവൻ യുവജനങ്ങളിലും എത്തിക്കുക എന്നതാണ് പ്രധാന ലക്ഷ്യം. ജില്ലാ യുവജനകേന്ദ്രങ്ങൾ യുവജന വികസന കേന്ദ്രങ്ങളായി പ്രവർത്തിച്ച് വരുന്നു. യുവാക്കൾക്ക് തൊഴിൽപരമായ മാർഗ്ഗ നിർദ്ദേശങ്ങൾ, സ്വയംതൊഴിൽ പരിശീലന പദ്ധതികൾ / പരിപാടികൾ, ബോർഡിന്റെ മറ്റ് |

പരിപാടികൾ എന്നിവ സംബന്ധിച്ച അറിവ് ഈ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്നു. മാത്രമല്ല നമ്മുടെ സംസ്ഥാനത്തെ യുവജനക്ലബ്ബുകളെയും പൊതു നന്മ ലക്ഷ്യമാക്കിക്കൊണ്ട് പ്രവർത്തിക്കുന്ന എൻ.ജി.ഒ-കളെയും ബോർഡുമായി ബന്ധിപ്പിക്കുന്ന സ്ഥാപനമായി പ്രവർത്തിക്കുന്നു.

| | |
|---|---|
| (ഡി) ബോർഡിന്റെ കീഴിൽ സാഹസിക അക്കാഡമികൾ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ ഇടുക്കി ജില്ലയിലെ ദേവികുളത്ത് ദേശീയ സാഹസിക അക്കാഡമിയും, കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് സാഹസിക അക്കാഡമി ഉപകേന്ദ്രവും പ്രവർത്തിച്ചുവരുന്നു. സാഹസിക അക്കാഡമി വഴി യുവജനക്ഷേമ ബോർഡ് നിരവധി സാഹസിക പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. സാഹസിക തൽപ്പരരായ യുവാക്കൾക്ക് കുറഞ്ഞ ചെലവിൽ താമസിക്കുന്നതിന് രണ്ട് ഡോർമെട്ടികൾ ദേവികുളം നാഷണൽ അഡ്വഞ്ചർ അക്കാഡമിയിൽ സജ്ജീകരിച്ചിട്ടുണ്ട്. സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ നോർത്ത് ഈസ്റ്റ് മൺസൂൺ ട്രക്കിംഗ്, ഇന്റർ സ്റ്റേറ്റ് ട്രക്കിംഗ് തുടങ്ങിയ സാഹസിക പ്രവർത്തനങ്ങൾ അഡ്വഞ്ചർ അക്കാഡമി വഴി സംഘടിപ്പിക്കുന്നു. അക്കാഡമിയുടെ നേതൃത്വത്തിൽ വർഷംതോറും അഡ്വഞ്ചർ കാർണിവലും സംഘടിപ്പിച്ചു വരുന്നു. മുഴപ്പിലങ്ങാട് സാഹസിക അക്കാഡമി സബ്സെന്ററിന്റെ കീഴിൽ ബീച്ച് ഫെസ്റ്റ്, സാഹസിക ഫോട്ടോഗ്രാഫി അവാർഡ്, പാരാഗ്ലൈഡിംഗ്, പാരാസെയിലിംഗ് പരിശീലനവും, വിവിധ സാഹസിക പരിപാടികളും ഉൾപ്പെടുത്തി അഡ്വഞ്ചർ കാർണിവലും സംഘടിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

7011

അനുബന്ധം

**DISTRICT OFFICER'S ADDRESS**

District Youth Programme Officer
District Youth Centre, District Panchayath Office
P.O Pattom, Thiruvananthapuram

District Youth Information Officer
District Youth Centre, District Panchayath Office,
P.O Thevally, Kollam

District Youth Information Officer
District Youth Center,
Revenue Tower, 5th Floor,
Adoor, Adoor P.O,
Pathanamthitta,

District Youth Information Officer
District Youth Centre, ADC Office,
Collectorate, Alappuzha

District Youth Programme Officer
District Youth Center,
Chirathalattu Building, 2nd Floor
Kottayam. P.O
Kottayam – 686001

District Youth Programme Officer
District Youth Center,
Pulimoottil Shopping Arcade 2nd Floor
Moovattupuzha Road,
Thodupuzha, Idukki

District Youth Programme Officer
District Youth Centre,
Ground floor, Civil Station
Kakkanadu-30, Ernakulam

District Youth Programme Officer
District Youth Centre,
District Panchayath Office,
P.O Ayyanthole, Thrissur

District Youth Information Officer
District Youth Center
District Panchayath Office
Palakkad

District Youth Programme Officer
District Youth Center,
Block Development Office, DOWN Hill P.O
Malappuram-19

District Youth Programme Officer
District Youth Center,
Civil Station, 6th Floor B.Block,
Kozhikode

District Youth Programme Officer
District Youth Center
Chackalakkal Appartment
Harithagiri Road
Kalpatta, Wayanad – 673121

District Youth Programme Officer
Thaluk Office Compound
Near Subjail, Kannur

District Youth Programme Officer
District Youth Center,
District Panchayath Office Building,
Civil Station, Vidya Nagar. P.O,
Kasargod

Special Officer
National Adventure Academy
Devikulam, Idukki

Special Officer
Adventure Academy Sub Center
Muzhuppilangad, Edakkad. P.O
Kannur